## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4575 21/03/2018- ൽ മറുപടിയ്ക്ക്

# അനാഥാലയങ്ങളുടെ രജിസ്ട്രേഷൻ

| ചോദ്യം<br>ശ്രീ. കെ.എൻ.എ ഖാദർ | ഉത്തരം<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>( ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
|---|---|
| (എ) കേരളത്തിലെ മുഴുവൻ അനാഥാലയങ്ങളുടെയും രജിസ്ട്രേഷൻ പൂർത്തിയാക്കുന്ന നടപടി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (എ) ബഹു. സുപ്രീം കോടതി വിധിപ്രകാരം ജെ.ജെ രജിസ്ട്രേഷൻ നേടേണ്ട അവസാന തീയതി 31/12/2017 വരെ ആയിരുന്നു. 31/12/2017-വരെ 531 സ്ഥാപനങ്ങൾക്ക് ജെ.ജെ രജിസ്ട്രേഷൻ നൽകിയിട്ടുണ്ട്. ബഹു. സുപ്രീംകോടതിയുടെ 20/02/18-ലെ വിധിപ്രകാരം 31/03/2018 നകം എല്ലാ സ്ഥാപനങ്ങളും ജെ.ജെ രജിസ്ട്രേഷൻ നേടേണ്ടതാണ്. ആയതുപ്രകാരം എല്ലാ ജില്ലാ ശിശു സംരക്ഷണ ഓഫീസർമാരും ജെ.ജെ രജിസ്ട്രേഷൻ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) രജിസ്ട്രേഷൻ പൂർത്തിയാകാത്ത എത്ര അനാഥാലയങ്ങളാണ് ഉള്ളതെന്നും രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കുന്നതിന് നേരിടുന്ന തടസ്സമെന്തെന്നും അറിയിക്കുമോ; | (ബി) 616 സ്ഥാപനങ്ങളാണ് ഇനി ജെ.ജെ രജിസ്ട്രേഷൻ നേടേണ്ടത്. ഈ സ്ഥാപനങ്ങൾക്ക് 31/03/2018 വരെ സമയം അനുവദിച്ചിട്ടുണ്ട്. 2015 ലെ ബാലനീതി നിയമം, 2016 ലെ മാതൃകാ ചട്ടങ്ങൾ എന്നിവയിൽ നിഷ്കർഷിച്ചിട്ടുള്ള ഭൗതിക സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള ബാധ്യതയാണ് രജിസ്ട്രേഷൻ എടുക്കുന്നതിന് തടസ്സമായി സ്ഥാപനങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുള്ളത്. |
| (സി) രജിസ്ട്രേഷൻ നടത്താത്ത അനാഥാലയങ്ങളിൽ ചൂഷണം നടക്കാൻ സാദ്ധ്യതയുള്ളതിനാൽ ഈ വിഷയത്തിൽ പ്രത്യേക ശ്രദ്ധ പതിപ്പിച്ച് തുടർ രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കുമോ? | (സി) 31/03/2018 നകം എല്ലാ ശിശു സംരക്ഷണ സ്ഥാപനങ്ങളും രജിസ്ട്രേഷൻ നടത്തിയിരിക്കണമെന്ന ബഹു.സുപ്രീം കോടതി നിർദ്ദേശം നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ